പ്രതികരണം

പി.പി അബ്ദുര്‍റഹ്മാന്‍ പെരിങ്ങാടി

# ജമാഅത്തെ ഇസ്‌ലാമിയുടെ വിമര്‍ശകരറിയാന്‍

'**നിങ്ങള്‍** കാര്യം പറയുമ്പോള്‍ നീതി ദീക്ഷിക്കണം' എന്നത് വിശുദ്ധ ഖുര്‍ആന്റെ (6:152) ശാസനയാണ്. സയ്യിദ് മൗദൂദി ഉള്‍പ്പെടെ പല മഹാന്മാരെയും വിലയിരുത്തുമ്പോള്‍ പലരും നീതി പാലിക്കുന്നില്ലെന്നതാണ് വസ്തുത. ഒരാളുടെ വീക്ഷണത്തെയും നിലപാടുകളെയും രൂപപ്പെടുത്തുന്നതില്‍ അയാള്‍ ജീവിച്ച സ്ഥലം, കാലം തുടങ്ങി പല ഘടകങ്ങളും പങ്കുവഹിക്കുന്നുണ്ട്. ഈ ലളിത വസ്തുത വിസ്മരിച്ചുകൊണ്ടും സന്ദര്‍ഭത്തില്‍നിന്ന് അടര്‍ത്തിയെടുത്തും മണ്‍മറഞ്ഞവരെ രൂക്ഷമായി വിമര്‍ശിക്കുമ്പോള്‍ നീതിബോധം തീരെ പുലര്‍ത്തുന്നില്ലെന്നത് ഖേദകരമാണ്. പൂര്‍വിക പണ്ഡിതരുടെയും പരിഷ്കര്‍ത്താക്കളുടെയും (ഇമാമുകള്‍) അഭിപ്രായങ്ങളെ ആദ്യകാലാഭിപ്രായം (ഖദീം) എന്നും പില്‍ക്കാലാഭിപ്രായം (ജദീദ്) എന്നും ഇനംതിരിച്ച് പറയുന്നത് ഈ നീതിബോധത്തിന്റെ കൂടി പേരിലാണ്. സ്ഥലകാലത്തിനനുസരിച്ച് പിന്നീട് നിലപാടുകളിലും നിരീക്ഷണങ്ങളിലും നിഗമനങ്ങളിലും മാറ്റംവരിക സ്വാഭാവികമാണെന്നതാണ് ഇതു നല്‍കുന്ന പാഠം. ഒരു പൗരാണിക കൃതിയെ ഗ്രന്ഥകര്‍ത്താവ് ജീവിച്ച കാലം, സ്ഥലം, അക്കാലത്തെ സാമൂഹിക ഘടന തുടങ്ങിയവയെ കൂടി മുമ്പില്‍ വെക്കാതെ കേവലം അക്ഷരങ്ങളിലൂടെ മാത്രം വിലയിരുത്തിയാല്‍ പല അബദ്ധങ്ങളും സംഭവിക്കും. അങ്ങനെ പലതും സംഭവിച്ചിട്ടുണ്ട്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ അധിനിവേശത്തെ ചെറുക്കാന്‍ അവരുടെ ഭാഷ (ഇംഗ്ലീഷ്) ഉള്‍പ്പെടെ പലതിനെയും വര്‍ജിക്കാന്‍ അധിനിവേശവിരുദ്ധ പോരാട്ടത്തിന് നേതൃത്വം കൊടുത്ത പണ്ഡിതന്മാര്‍ നടത്തിയ ആഹ്വാനത്തെ സമുദായത്തെ പിറകോട്ട് പിടിച്ച് വലിക്കലായി ആക്ഷേപിക്കുന്നത് കാലഘട്ടത്തെയും മറ്റും പരിഗണിക്കാതെയുള്ള വികലമായ സമീപനമാണ്. ആചാരങ്ങളും സമ്പ്രദായങ്ങളും ഉരുത്തിരിഞ്ഞുവന്ന ഒരു സാമൂഹിക സാഹചര്യമുണ്ടാകും. അന്നത് പ്രസക്തവുമായിരിക്കാം. പിന്നീട് സാമൂഹികാന്തരീക്ഷം മാറുമ്പോള്‍ മുന്‍കാല സമ്പ്രദായങ്ങളെ അടച്ചാക്ഷേപിക്കുന്നതിന് പകരം പുതിയ ചുറ്റുപാടിനനുസരിച്ച് ആലോചനാപൂര്‍വം പുനരാവിഷ്കരിക്കുകയാണ് വേണ്ടത്. ഭാഷയിലെ പദാവലികള്‍ക്ക് വരെ കാലത്തിന്റെ കറക്കത്തില്‍ അര്‍ഥവ്യത്യാസം സംഭവിക്കാറുണ്ട്.

ഇത്രയും കുറിച്ചത് *കേരളശബ്ദം* വാരികയില്‍ ജനുവരി 17, ജനുവരി 31 എന്നീ ലക്കങ്ങളില്‍ വന്ന നെടുനീളന്‍ ലേഖനങ്ങള്‍ കണ്ടപ്പോഴാണ്. ലേഖനത്തിലെ ആക്ഷേപങ്ങള്‍ ചര്‍വിത ചര്‍വണങ്ങളാണ്. ഒരു നുണ പല തവണ പല രീതിയില്‍ ആവര്‍ത്തിച്ചുകൊണ്ടേയിരുന്നാല്‍ ചിലരെയെങ്കിലും ആശയക്കുഴപ്പത്തിലാക്കാന്‍ സാധിച്ചേക്കു

മെന്നതായിരിക്കാം മാന്യ ലേഖകന്റെ ദുഷ്ടലാക്ക്. *ഖത്മുന്നുബുവ്വത്ത്* എന്ന കൃതി മൗദൂദി രചിച്ചത് 1962-ലാണ്. മലയാളത്തിൽ 1963-ൽ അതിറങ്ങി. അര നൂറ്റാണ്ടിനകം പ്രസ്തുത കൃതിയുടെ നിരവധി പതിപ്പുകൾ പല ഭാഷകളിലിറങ്ങി. ആ കൃതിക്ക് ഒരു പശ്ചാതലമുണ്ട്.

ഇന്ത്യയിൽ ബ്രിട്ടീഷ്കാരുടെ ഒത്താശയോടെ ഒരു വ്യാജ പ്രവാചകൻ രംഗത്ത് വന്നു. ബ്രിട്ടീഷുകാർക്കെതിരെ സമരം ചെയ്യരുതെന്നും അവർക്ക് വിധേയരായി കഴിഞ്ഞുകൂടണമെന്നും മറ്റും അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിച്ചിരുന്നു. അവിഭക്ത ഇന്ത്യയിലെ മുസ്‌ലിംകൾ ബ്രിട്ടീഷ് അധിനിവേശത്തിനെതിരെ പല മാർഗേണ ശക്തമായി പ്രതികരിച്ചുകൊണ്ടിരിക്കെയാണ് ഈ 'പ്രവാചകൻ' രംഗപ്രവേശം ചെയ്യുന്നത് (ഇദ്ദേഹത്തിന്റെ പ്രസ്ഥാനത്തിന്റെ കൃതികൾ മേനിക്കടലാസിൽ ലണ്ടനിൽ നിന്നാണിറങ്ങിയിരുന്നതും. ഇന്നും ലണ്ടനാണവരുടെ ആസ്ഥാനം). വാഴുന്നവർക്ക് സ്തുതിയോതിയും 'ജിഹാദിനെ' നിർവീര്യമാക്കിയും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന് പാദസേവ ചെയ്യുന്ന ഈ വിഭാഗം സൃഷ്ടിക്കുന്ന ആശയക്കുഴപ്പങ്ങളെ എതിർക്കുന്നതിൽ നേതൃപരമായ പങ്ക് വഹിച്ച പണ്ഡിതനാണ് മൗദൂദി. *ഖാദിയാനീ മസ്അല* എന്ന കൃതി രചിച്ചതിന്റെ പേരിൽ അദ്ദേഹം 1953-ൽ അറസ്റ്റ് ചെയ്യപ്പെട്ടിരുന്നു (ഗ്രന്ഥകർത്താവിനെ അറസ്റ്റ് ചെയ്തെങ്കിലും കൃതി നിരോധിച്ചിരുന്നില്ല).

ഖാദിയാനികൾക്കെതിരെ ശക്തമായ ലോകാഭിപ്രായം രൂപപ്പെടുത്തുന്നതിൽ സയ്യിദ് മൗദൂദി വഹിച്ച പങ്ക് അദ്വിതീയമാണ്. ഖാദിയാനികൾ ഉയർത്തിപ്പിടിക്കുന്ന മിർസാഗുലാം അഹ്മദിന്റെ പ്രവാചകത്വവാദം പ്രമാണങ്ങളുടെ വെളിച്ചത്തിൽ യുക്തിയുക്തം ഖണ്ഡിക്കുന്ന കൃതിയാണ് *ഖത്മുന്നുബുവ്വത്ത്*. അതിൽ ഉദ്ധരിച്ച പല തെളിവുകളിൽ ഒന്നാണ് *കേരളശബ്ദം* ലേഖകൻ ഉദ്ധരിച്ച നബിവചനം. അത് മൗദൂദിയുടെ വാക്കല്ല. 1400 വർഷം മുമ്പ് മുഹമ്മദ് നബി (സ) അരുളിയതായിട്ടാണ് രേഖ. നബി (സ) അങ്ങനെ അരുളുമ്പോഴും ഒരു പശ്ചാത്തലമുണ്ടാകും. നബി(സ)യുടെ കാലത്ത് ഇന്നത്തെ ഇന്ത്യയില്ല. അക്കാലത്ത് ഇവിടെ കുറെ നാട്ടുരാജ്യങ്ങളും കൊച്ചു പ്രദേശങ്ങളുമാണ്. നബി(സ) ഉൾക്കാഴ്ചയോടുകൂടി നടത്തിയ പ്രവചനങ്ങൾ പലതും പുലർന്നിട്ടുണ്ട്; പുലർന്നുകൊണ്ടിരിക്കുന്നുമുണ്ട്. പരാമൃഷ്ട ഹദീസിൽ പറഞ്ഞ പ്രവചനം മുഹമ്മദ് ബ്നു ഖാസിമിന്റെ സിന്ധാക്രമണത്തോടെ പുലർന്നുകഴിഞ്ഞുവെന്ന് വിശദീകരിക്കുന്നവരുണ്ട് (പ്രസ്തുത നബിവചനത്തിന്റെ നിവേദകപരമ്പര പ്രബലമല്ലെന്നും പണ്ഡിതാഭിപ്രായമുണ്ട്). ഏതായാലും, നബിവചനത്തിന്റെ പേരിൽ മൗദൂദിയെ ക്രൂശിക്കുന്നതിലർഥമില്ല. പണ്ടുമുതലേ ഹദീസ് ഗ്രന്ഥങ്ങളിലുള്ള നബിവചനം മൗദൂദി ഉദ്ധരിച്ചുവെന്നേയുള്ളൂ. മൗദൂദിയുടെ കൃതിയുടെ പ്രമേയം ഇന്ത്യാവിരോധമല്ല. വ്യാജ പ്രവാചകത്വ വാദികൾക്കെതിരെ നിരവധി നബിവചനങ്ങൾ ഉൾപ്പെടെ കുറെ പ്രമാണങ്ങൾ ഉദ്ധരിച്ച് മുഹമ്മദ് നബിയുടെ അന്ത്യപ്രവാചകത്വത്തെ യുക്തിയുക്തം സ്ഥാപിക്കുന്നതാണ് പ്രസ്തുത കൃതി. അങ്ങനെയുള്ള ഒരു നബിവചനത്തിന്റെ അൽപഭാഗമാണ് *കേരളശബ്ദം* ലേഖകൻ ഉദ്ധരിച്ചത് ('ഇന്ത്യക്കെതിരെ യുദ്ധം ചെയ്യുന്നവരെ ദൈവം നരകത്തിൽ നിന്ന് രക്ഷിച്ചിരിക്കുന്നു'). *കേരളശബ്ദ*ത്തിൽ കഴിഞ്ഞ രണ്ടുമൂന്ന് വർഷങ്ങളിൽ ഖാദിയാനികൾക്കുവേണ്ടി, കലക്കവെള്ളത്തിൽനിന്ന് മീൻ പിടിക്കുന്ന സ്വഭാവത്തിലുള്ള കുറെ കത്തുകൾ പലരീതിയിൽ വന്നതായി കാണാം. ഇതിന്റെ പിന്നിൽ ഒരു ഗൂഢലോബി ഉണ്ടെന്ന് സംശയിക്കേണ്ടതുണ്ട്. 'പട്ടരുടെ കറി എല്ലാം മോര് കൊണ്ടു തന്നെ; പക്ഷേ പേര് പലതായിരിക്കും' എന്ന പോലെ എം.ആർ അജയൻ നാലഞ്ച് തവണ എഴുതിയ ഫീച്ചർ

ലേഖനങ്ങളെല്ലാം ചർവിത ചർവണങ്ങളാണ്.

മൗദൂദിയുടെ ചില കൃതികൾക്ക് മുക്കാൽ ശതകത്തോളം പഴക്കമുണ്ട്. ഇന്ത്യാ വിഭജനത്തിന് മുമ്പ് (അവിഭക്ത ഇന്ത്യയിൽ) വിരചിതമായ കൃതികൾ ഇന്നത്തെ സാഹചര്യത്തിൽ വായി ക്കുമ്പോൾ അതിലെ ചില കാര്യങ്ങളെങ്കിലും ഇപ്പോൾ അപ്രസക്തമാകാനിടയുണ്ട്. മൗദൂദിയുടെ *ഖുതുബാത്* എന്ന കൃതിയുടെ മൂലം വിരചിതമായത് 1938–ലാണ്. *മതേതരത്വം, ദേശീയത്വം, ജനാധിപത്യം* എന്ന കൃതിയും വിഭജനത്തിനുമുമ്പുള്ള സാമൂഹിക– രാഷ്ട്രീയ ചുറ്റുപാടിലുള്ളതാണ്. *ഖുതുബാതി*ന് മലയാളത്തിൽ തന്നെ ഇരുപത്തിരണ്ട് പതിപ്പുകൾ ഇറങ്ങി. *ഖുതുബാതി*നും മുമ്പാണ് *ഇസ്‌ലാം മതം* ഇറങ്ങിയത്. ഈ കൃതി എഴുപതിലേറെ ഭാഷകളിലേക്ക് വിവർത്തിതമായിട്ടുണ്ട്. നിരവധി പതിപ്പുകളുമിറങ്ങി. *സത്യസാക്ഷ്യം* എന്ന കൃതി 1946–ലാണിറങ്ങിയത്. മൗദൂദിയുടെ പ്രസിദ്ധ രചനയായ *അൽജിഹാദു ഫിൽ ഇസ്‌ലാം* എന്ന കൃതി 1927–ലാണ് വിരചിത്മായത്. അതും സവിശേഷവും സങ്കീർണവുമായ ഒരു സാമൂഹിക സാഹചര്യത്തിൽ. ഇന്ത്യാ വിഭജനാനന്തരമുള്ള ചുറ്റുപാടിൽ മൗദൂദി സ്വീകരിച്ച പ്രായോഗിക നിലപാടുകളും അദ്ദേഹത്തിന്റെ പിൽക്കാല രചനകളും ചേർത്തു വെച്ചുള്ള വായന നടത്താൻ വിമർശകർ സന്മനസ്സ് കാണിക്കേണ്ടതുണ്ട്. സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്തും വക്രീകരിച്ചും മൺമറഞ്ഞ ഒരു മഹാപണ്ഡിതനെ കുറ്റപ്പെടുത്തുന്നത് ബുദ്ധിപരമായ സത്യസന്ധതക്ക് നിരക്കാത്തതാണ്.

*ഖുതുബാത്* എന്ന കൃതിയിൽ ചേർത്തിട്ടുള്ള പ്രൗഢമായ പ്രസാധകക്കുറിപ്പിലെ പ്രസക്ത ഭാഗം വിമർശകരുടെ അറിവിനായി താഴെ ചേർക്കുന്നു:

"........ എന്നാൽ മുഹമ്മദ് നബിക്ക് ശേഷം യാതൊരാളും, എത്ര വലിയ മഹാനായിരുന്നാലും സത്യത്തിന്റെ മാനദണ്ഡമോ അപ്രമാദിത്വം അവകാശപ്പെടാവുന്നവരോ അല്ല. മഹാന്മാരായ ഇമാമുകൾക്ക് പോലും അങ്ങനെ ഒരു സ്ഥാനം ഇല്ല. അവരാരും അങ്ങനെ അവകാശപ്പെട്ടിരുന്നുമില്ല. ..... ഇരുപതാം നൂറ്റാണ്ടുകാരനായ മൗദൂദിയാവട്ടെ, ഇസ്‌ലാമിന്റെ വരുതിയിൽ നിന്നുകൊണ്ട് ഈ ചിന്താ സ്വാതന്ത്ര്യം പരമാവധി ഉപയോഗപ്പെടുത്തുകയും ഉപയോഗപ്പെടുത്താൻ ശക്തിയായി ആഹ്വാനം നൽകുകയും ചെയ്തു. ഇജ്തിഹാദിന്റെ കവാടം തുറന്ന് കിടക്കുന്നത് ഇസ്‌ലാമിന്റെ പുരോഗമന സ്വഭാവത്തിനും സർവകാല പ്രായോഗികതക്കുമുള്ള ഏറ്റവും വലിയ ഗ്യാരണ്ടിയായി അദ്ദേഹം എണ്ണി. ഖുർആന്റെയും സുന്നത്തിന്റെയും ചട്ടക്കൂട്ടിലൊതുങ്ങി, ഇസ്‌ലാമിക ചിന്താമണ്ഡലത്തിൽ സ്വതന്ത്രമായൊരു പാത വെട്ടിത്തെളിയിച്ച മൗദൂദി, വിമർശനങ്ങൾക്കതീതനും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തവനുമായി സ്വയം കരുതി എന്ന് ധരിക്കുന്നേടത്തോളം വലിയൊരപരാധം അദ്ദേഹത്തോട് ചെയ്യാനില്ല. ഇങ്ങനെയൊരു ദൗർബല്യം അദ്ദേഹത്തിൽ ആരോപിക്കുന്ന ശത്രുക്കളുണ്ടെങ്കിൽ അവരും അത്തരമൊരു പദവിയിലേക്ക് അദ്ദേഹത്തെ ഉയർത്തുന്ന മിത്രങ്ങളുണ്ടെങ്കിൽ അവരും ഒരുപോലെ അബദ്ധം പിണഞ്ഞവരാണ്. മൗദൂദിയുടെ ചിന്തകളിലും കൃതികളിലും യോജിക്കേണ്ടതും വിയോജിക്കേണ്ടതുമുണ്ട്. പിന്താങ്ങേണ്ടതും വിമർശിക്കേണ്ടതുമുണ്ട്. പ്രമാണങ്ങളുടെ അടിസ്ഥാനത്തിലുള്ള പഠനമാണത് തെളിയിക്കേണ്ടത്. കർമശാസ്ത്രപരമായി തന്റെ വീക്ഷണം അംഗീകരിക്കാൻ പ്രസ്ഥാനപ്രവർത്തകർ പോലും ബാധ്യസ്ഥരല്ലെന്നദ്ദേഹം ചൂണ്ടിക്കാട്ടുകയുണ്ടായി. മറ്റുകാര്യങ്ങളിലും പ്രസ്ഥാനത്തിനും അതിലെ വ്യക്തികൾക്കും തന്റേതിൽനിന്ന് ഭിന്നമായ ഒരു കാഴ്ചപ്പാടുണ്ടായിക്കൂടാ എന്നദ്ദേഹം ശഠിക്കുകയുണ്ടായില്ല. ഇതോടൊപ്പം പരിഗണിക്കപ്പെടേണ്ടതാണ് പ്രസംഗങ്ങളിലും പ്രസ്താവനകളിലും പ്രബന്ധങ്ങളിലും

സ്വാധീനം ചെലുത്തുന്ന സാഹചര്യങ്ങളുടെ സവിശേഷത. ആയിരത്തിത്തൊള്ളായിരത്തി ഇരുപതുകളിൽ ആരംഭിച്ചതാണ് ഇസ്‌ലാമിക ചിന്താരംഗത്ത് മൗദൂദിയുടെ സേവനങ്ങൾ. അക്കാലത്ത് ജമാഅത്തെ ഇസ്‌ലാമി എന്നൊരു സംഘടന ഭൂമുഖത്തുണ്ടായിരുന്നില്ല. ഖിലാഫത്ത് പ്രസ്ഥാനത്തോടായിരുന്നു അദ്ദേഹത്തിന് ആഭിമുഖ്യം. ബ്രിട്ടീഷ് സാമ്രാജ്യത്വത്തോടും പാശ്ചാത്യ സംസ്‌കാരത്തോടുമുള്ള എതിർപ്പ് അദ്ദേഹത്തിന്റെ രചനകളിൽ വ്യക്തമായും പ്രതിഫലിച്ചു. 1941 ആഗസ്റ്റിലാണ് മൗദൂദി മുൻകൈയെടുത്ത് ജമാഅത്തെ ഇസ്‌ലാമി സ്ഥാപിതമായത്. അന്ന് രംഗത്തുള്ള ശക്തികൾ ദേശീയ പ്രസ്ഥാനവും മുസ്‌ലിം സാമുദായിക പ്രസ്ഥാനവും ഹൈന്ദവ വർഗീയതയുമായിരുന്നു. ഇവ പരസ്പരം ഏറ്റുമുട്ടിയതോടൊപ്പം ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ നിലകൊണ്ടു. ഇവക്കു മധ്യേ, ഒരാദർശ ധാർമിക പ്രസ്ഥാനമായി ജമാഅത്തെ ഇസ്‌ലാമിയെ അവതരിപ്പിക്കുകയായിരുന്നു മൗദൂദി. 1947 വരെയുള്ള ഘട്ടത്തിൽ പുറത്തുവന്ന അദ്ദേഹത്തിന്റെ കൃതികളിൽ ഈ പശ്ചാത്തലം പ്രകടമാണ്. 1947 ആഗസ്റ്റിൽ രാജ്യം വിഭജിക്കപ്പെടുകയും പാകിസ്താൻ നിലവിൽ വരികയും ചെയതപ്പോൾ മൗദൂദി പാകിസ്താനിലേക്ക് പോയി. തുടർന്നുള്ള സംവത്സരങ്ങളിൽ പാകിസ്താനെ അതിന്റെ പ്രഖ്യാപിത ലക്ഷ്യത്തിനനുസൃതമായി ഒരു യഥാർഥ ഇസ്‌ലാമിക റിപ്പബ്ലിക്കാക്കി മാറ്റാനായി മൗദൂദിയുടെയും സഹപ്രവർത്തകരുടെയും ശ്രമം. 1948-ൽ നിലവിൽ വന്ന ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി മൗദൂദി കൃതികളെ ഇസ്‌ലാമിക സാഹിത്യങ്ങളെന്ന നിലയിൽ പ്രയോജനപ്പെടുത്തിയതോടൊപ്പം സ്വതന്ത്ര ഇന്ത്യയുടെ യാഥാർഥ്യങ്ങൾക്കും സാഹചര്യങ്ങൾക്കുമിണങ്ങിയ കർമമാർഗവും നയപരിപാടികളുമാണ് സ്വീകരിച്ചത്. പിന്നീടൊരിക്കലും ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ നയരൂപീകരണത്തിൽ മൗദൂദി സ്വാധീനം ചെലുത്തുകയോ അദ്ദേഹത്തെ ഇടപെടുത്തുകയോ ഉണ്ടായിട്ടില്ലെന്നതാണ് വാസ്തവം. ഇന്നും ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രസിദ്ധീകരണങ്ങളിൽ നല്ലൊരു ഭാഗം മൗദൂദിയുടേതാണ്. അവയുടെ ഇസ്‌ലാമിക മൂല്യത്തിനും ഇസ്‌ലാമിനെ ഒരു സമ്പൂർണ വ്യവസ്ഥിതിയായി കണ്ടുകൊണ്ടുള്ള പ്രതിപാദനത്തിനും പ്രസക്തി കുറഞ്ഞിട്ടില്ലെന്നത് തന്നെ കാരണം. അതേസമയം സ്ഥലകാല പരിമിതികൾക്ക് അതീതമായ അനിഷേധ്യ സത്യങ്ങളുടെ മാത്രം സമാഹരണമാണവയെന്ന കാഴ്ചപ്പാട് ജമാഅത്തിനില്ല. വിമർശനത്തിനും വിയോജിപ്പിനും വകയുള്ള പലതും അവയിലുണ്ടാവുക സ്വാഭാവികമാണ്. ഇസ്‌ലാമിക നവോത്ഥാനത്തിന്റെ ധീരനായകൻ ചരിത്രത്തിന്റെ ഭാഗമായിരിക്കെ തിരുത്തുകൾ പ്രായോഗികമല്ല. വസ്തുനിഷ്ഠമായ നിരൂപണങ്ങൾക്ക് എക്കാലത്തും പ്രസക്തിയുണ്ട് താനും. ഈ കാഴ്ചപ്പാടിലൂടെ വേണം മൗദൂദിയുടെ ആദ്യകാല കൃതികളിലൊന്നായ *ഖുതുബാതി*നെയും വിലയിരുത്താൻ...

പ്രജാധിപത്യത്തെ അദ്ദേഹം പരാമർശിച്ചപ്പോൾ മനുഷ്യനെ സർവതന്ത്ര സ്വതന്ത്രനായി കണ്ട പാശ്ചാത്യ ജനാധിപത്യക്രമമായിരുന്നു മുമ്പിലിരുന്നത്. ജിഹാദിനെക്കുറിച്ച് സംസാരിച്ചപ്പോൾ ഇന്ത്യയിലും മുസ്‌ലിം രാജ്യങ്ങളിലും നിലവിലിരുന്ന പാശ്ചാത്യ കോളനിവാഴ്ചക്കെതിരായ ധർമസമരം അദ്ദേഹത്തിന്റെ മുഖ്യ മുഖമായിരുന്നു. ദീനിന്റെ വിശാലമായ കാഴ്ചപ്പാട് വിശദീകരിച്ചപ്പോൾ മതമെന്നാൽ പൂജാപാട്ടുകളുടെയും വ്യക്തിജീവിതത്തിൽ പരിമിതമായ ആരാധനാനുഷ്ഠാനങ്ങളുടെയും പേരാണെന്ന വികലസങ്കൽപം തിരുത്തുകയായിരുന്നു അദ്ദേഹം. സ്റ്റേറ്റിനെക്കുറിച്ച് അദ്ദേഹം സ്പർശിച്ചപ്പോൾ ജനജീവിതത്തിൽ സമ്പൂർണാധിപത്യം ചെലുത്തുന്ന രാഷ്ട്രീയ സംവിധാനത്തെയാണദ്ദേഹം വിവക്ഷിച്ചത്. അരനൂറ്റാണ്ട് പിന്നിട്ടിരിക്കെ,

കാലവും ലോകവും മാറിയിരിക്കുന്നു. മൗദൂദി സ്വയം, ഇസ്‌ലാമിക ജനാധിപത്യത്തിന്റെ ശക്തനായ വക്താവായി പിൽക്കാലത്ത്. ഭരണമാറ്റത്തിന് സമാധാനപരമല്ലാത്ത ഏതു മാർഗത്തെയും അദ്ദേഹം നിരാകരിച്ചു. ഇന്ത്യയുടെ വിഭജനം ആസന്നമായ നിർണായക ഘട്ടത്തിൽ ഭാവി ഇന്ത്യയിൽ ന്യൂനപക്ഷമാകാൻ പോവുന്ന മുസ്‌ലിംകളെ മുൻനിർത്തി, സാമുദായിക ചിന്തകൾക്കതീതമായി ഉയരാനും അമുസ്‌ലിം ഭൂരിപക്ഷത്തിന് ഇസ്‌ലാമിന്റെ പവിത്ര സന്ദേശമെത്തിക്കാനും അനുയായികളോടാഹ്വാനം ചെയ്താണദ്ദേഹം വിടപറഞ്ഞത്. മൗദൂദിയുടെ ഇതര കൃതികൾ കൂടി ചേർത്തുവായിക്കുമ്പോഴേ പ്രശ്നങ്ങളെയും വിഷയങ്ങളെയും കുറിച്ച അദ്ദേഹത്തിന്റെ വീക്ഷണം വ്യക്തമാവൂ."

(പ്രസാധകക്കുറിപ്പ്. *ഖുതുബാത്* പതിനാറാം പതിപ്പ് 2001)

ജമാഅത്തെ ഇസ്‌ലാമി വർഗീയപാർട്ടിയല്ലെന്ന് ഉത്തമബോധ്യമുണ്ടെന്ന് ജസ്റ്റീസ് വി. ആർ കൃഷ്ണയ്യർ *പ്രബോധനം* വാരികയുടെ അറുപതാം വാർഷികപ്പതിപ്പിൽ (പേജ് 93)പ്രസ്താവിച്ചിട്ടുണ്ട്. അതേ കൃതിയിൽ കെ.പി രാമനുണ്ണി പറഞ്ഞത് കൂടി കാണുക. "ജമാഅത്തെ ഇസ്‌ലാമിയുടെയും സോളിഡാരിറ്റിയുടെയും എസ്.ഐ.ഒവിന്റെയും പല പരിപാടികളിലും ഞാൻ പങ്കെടുത്തിട്ടുണ്ട്. വളരെ സഹിഷ്ണുതയോടെയുള്ള, മതവിദ്വേഷത്തിന്റെ ഒരു കണികപോലുമില്ലാത്ത പെരുമാറ്റമാണ് എനിക്ക് അവരിൽനിന്നൊക്കെ അനുഭവിക്കാൻ കഴിഞ്ഞിട്ടുള്ളത്" (പേജ് 144). പ്രശസ്തനായ ജസ്റ്റിസ് താർകുണ്ഡെ ഉൾപ്പെടെയുള്ളവരും ജമാഅത്തെ ഇസ്‌ലാമിയുമായി പലനിലക്കും സഹകരിച്ചവരാണ്. പ്രശസ്ത സാഹിത്യകാരന്മാരായിരുന്ന വൈക്കം മുഹമ്മദ് ബഷീർ, കമലാ സുറയ്യ തുടങ്ങി പലരും ജമാഅത്തെ ഇസ്‌ലാമിയുമായി ബന്ധം പുലർത്തിയവരായിരുന്നു. പ്രശസ്ത വാഗ്മിയും ഗ്രന്ഥകാരനും ജമാഅത്തെ ഇസ്‌ലാമി കേരളയുടെ ഉപാധ്യക്ഷനോടൊപ്പം വിശുദ്ധ ഖുർആൻ വിവർത്തനത്തിൽ സഹകരിച്ച മാന്യ ദേഹവുമായ വാണിദാസ് എളയാവൂർ *പ്രകാശം പരത്തുന്ന പ്രസ്ഥാനം* എന്ന കൃതിക്ക് എഴുതിയ അവതാരികയിൽ പറയുന്നത് കാണുക. "... ജമാഅത്തെ ഇസ്‌ലാമി ഒരിക്കലും മതേതരത്വത്തോടുള്ള ഇന്ത്യൻ സമീപനത്തോട് വിപ്രതിപത്തി കാട്ടിയിട്ടില്ല. മതരാഷ്ട്രീയങ്ങളുടെ അവിചരിന്നതയാണ് ജമാഅത്തെ ഇസ്‌ലാമിയുടെ സ്വരം... മതേതരത്വത്തിന്റെ ഇന്ത്യൻ മുഖം ഹൃദയംഗമമായി സ്വീകരിക്കാനും ജമാഅത്തെ ഇസ്‌ലാമി സന്നദ്ധമാണ് എന്ന് ഞാൻ മനസ്സിലാക്കുന്നു. സത്യവേദവിശ്വാസത്തിന്റെ സമീപനമതാണ്. മറ്റൊരു മാർഗമവലംബിക്കാൻ ജമാഅത്തെ ഇസ്‌ലാമിക്ക് സാധ്യമല്ല.

"ഭൂരിപക്ഷത്തിന്റെ ഭരണകൂടമാണ് ജനാധിപത്യം എന്ന നിർവചനത്തോട് യോജിക്കുന്ന ജമാഅത്തെ ഇസ്‌ലാമി ജനഹിതമാണ് നിയാമകം എന്ന ആശയത്തിന്റെ അനുഗാതാക്കൾ തന്നെയാണ്. വ്യവസ്ഥാപിത നിയമങ്ങളുടെ ഭരണമാണ് ജനാധിപത്യം എന്നതുകൊണ്ട് വ്യക്തിഹിതത്താൽ വികലമാക്കപ്പെടുന്ന രാജാധിപത്യത്തോടും പട്ടാള ഭരണത്തോടും ജമാഅത്തെ ഇസ്‌ലാമി വിപ്രതിപത്തി കാട്ടുന്നു. അഭിപ്രായ സ്വാതന്ത്ര്യവും ജനഹിതത്തിന്റെ പ്രതിഫലനവുമനുഭവപ്പെടാത്ത സ്വേഛാധിപത്യത്തിന്റെ ഭരണസംവിധാനങ്ങളാണവയെന്നും ഇസ്‌ലാം നാഗരികതക്ക് അവയുമായി സഹവസിക്കാൻ വയ്യെന്നും ജമാഅത്തെ ഇസ്‌ലാമി വാദിക്കുന്നു."

(*പ്രകാശം പരത്തുന്ന പ്രസ്ഥാനം*. പേജ്. 12–15)

മഹാത്മാ ഗാന്ധി ജമാഅത്തെ ഇസ്‌ലാമിയുടെ പാറ്റ്നാ സമ്മേളനത്തിൽ (1947 ഏപ്രിൽ) പങ്കെടുത്തു. അതിന് ശേഷം ഗാന്ധിജി എഴുതിയതിങ്ങനെ. "ഞാൻ ഇന്നലെ

ജമാഅത്തെ ഇസ്‌ലാമിയുടെ സമ്മേളനത്തിൽ സംബന്ധിച്ചു. അത് സാധുക്കളുടെ സമ്മേളനമായിരുന്നു. ഭിക്ഷയെടുക്കുന്ന സാധുക്കളുടേതല്ല; നന്മ പ്രചരിപ്പിക്കുകയും മനു ഷ്യനെ സേവിക്കുകയും ഉച്ചനീചത്വം തുടച്ചു നീക്കുകയും, നിങ്ങൾ ദൈവദാസന്മാരാണെങ്കിൽ ദൈവത്തിന്റെ കൽപനകൾ അനുസരിക്കൂ എന്ന് ജനങ്ങളോട് പറയുകയും ചെയ്യുന്ന സാധുക്കളുടെ സമ്മേളനം. അവരുടെ സമ്മേളനത്തിൽ പങ്കെടുത്തതിൽ എനിക്ക് ഖേദമില്ല, സന്തോ ഷമേയുള്ളൂ. അവർ ഇനിയും എന്നെ ക്ഷണിച്ചാൽ കാൽനടയായെങ്കിലും അവരുടെ സമ്മേളനത്തിൽ ഞാൻ സംബന്ധിക്കും" (*സർച്ച്‌ലൈറ്റ്*. പാറ്റ്ന, 27 ഏപ്രിൽ 1947). ■